**ഗവൺമെന്റ് പ്രമേയം (ചട്ടം 118 പ്രകാരമുള്ളത്)**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പ്രമേയം സർക്കുലേറ്റ് ചെയ്തതാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ഔദ്യോഗിക നാമധേയം ഇന്ത്യൻ ഭരണഘടനയുടെ എട്ടാം പട്ടികയിൽ ഉൾപ്പെട്ട എല്ലാ ഭാഷകളിലും കേരളം എന്നാക്കി മാറ്റാൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്ന ചട്ടം 118 പ്രകാരമുള്ള പ്രമേയം ഈ സഭയിൽ അവതരിപ്പിക്കുകയാണ്.

അതിനുമുന്നോടിയായി ചില പ്രധാനപ്പെട്ട കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. ഈ വർഷത്തെ (2023) കേരള പിറവി ദിനമായ നവംബർ 1 മുതൽ ഒരാഴ്ച കാലയളവിൽ കേരളം ഇതുവരെ കൈവരിച്ച നേട്ടങ്ങളെയും നമ്മുടെ വിവിധ മേഖലകൾ നേരിടുന്ന പ്രശ്നങ്ങളെയും മുന്നോട്ടുള്ള സാധ്യതകളെയും കുറിച്ചുള്ള സംവാദങ്ങളും നമ്മുടെ തനതുവിഭവങ്ങളെയും സാംസ്കാരിക പൈതൃകത്തെയും കാർഷിക വ്യവസായ പുരോഗതിയെയും നൂതന സാങ്കേതിക വിദ്യാരംഗത്തെ നേട്ടങ്ങളെയും വിളിച്ചറിയിക്കുന്ന പ്രദർശനങ്ങളും സംഘടിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. കേരളത്തെ ലോകത്തിന് മുമ്പിൽ അവതരിപ്പിക്കുന്ന

'കേരളീയം 2023' എന്ന പരിപാടിയുടെ സംഘാടനം ഒരു ബൃഹത്തായ ഉദ്യമമാണ്. ഇതിന്റെ വിജയകരമായ നടത്തിപ്പിന് വിപുലമായ സംഘാടക സമിതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. ഈ സമിതിയിൽ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കറും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മുൻ മുഖ്യമന്ത്രിമാരായ ശ്രീ. വി. എസ്. അച്യുതാനന്ദൻ, ശ്രീ. എ. കെ. ആന്റണി എന്നിവരും തിരുവനന്തപുരം ജില്ലയിലെ എം.എൽ.എ.-മാരും എം.പി.-മാരും മറ്റ് ജനപ്രതിനിധികളും കലാ-സാംസ്കാരിക രംഗത്തെ പ്രമുഖരും ഉൾപ്പെടുന്നതാണ്. ഇരുപതോളം കമ്മിറ്റികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ടാണ് 'കേരളീയം 2023' സംഘടിപ്പിക്കുന്നത്. സംഘാടക സമിതിയുടെ യോഗം 2023 ആഗസ്റ്റ് 14-ന് നിയമസഭയിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ ചേരുവാൻ ഉദ്ദേശിക്കുന്നു. 'കേരളീയം 2023'-ന്റെ ഭാഗമായി ലോക പ്രശസ്തരായ വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് വിവിധ മേഖലകളെ പറ്റി അർത്ഥവത്തായ സംവാദങ്ങൾ നടത്തുന്നതാണ്. ലോകശ്രദ്ധ ആകർഷിക്കുംവിധം കേരളം കൈവരിച്ച പുരോഗതിയും നിലവിൽ സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങളും നവകേരള സൃഷ്ടിക്കായി നടന്ന ശ്രമങ്ങളും

സംവാദങ്ങളിൽ വിശകലനത്തിന് വിധേയമാക്കും. കാർഷിക രംഗം, ഫിഷറീസ്, ക്ഷീര മേഖലകൾ, ഭൂപരിഷ്കരണം, സഹകരണരംഗം, വ്യവസായം, വിവര സാങ്കേതികവിദ്യ, ടൂറിസം, തൊഴിൽ, കുടിയേറ്റം, പട്ടികജാതി-പട്ടികവർഗ്ഗ മേഖല, ഉന്നതവിദ്യാഭ്യാസ മേഖലകൾ, പൊതുജനാരോഗ്യം, ജനസൗഹൃദ പൊതുസേവനം, അധികാര വികേന്ദ്രീകരണവും പ്രാദേശിക സർക്കാരുകളും കേരളത്തിലെ സമ്പദ്ഘടന എന്നിവയെപ്പറ്റിയാണ് വിദഗ്ദ്ധർ ഉൾപ്പെടുന്ന സെമിനാറുകൾ സംഘടിപ്പിക്കുന്നത്. ഇതിൽനിന്നും ഉരുത്തിരിയുന്ന ആശയങ്ങൾ ക്രോഡീകരിച്ചുകൊണ്ട് 'കേരളീയൻ 2023'-ന്റെ ഭാഗമായി നവകേരളത്തിനായുള്ള പരിപ്രേക്ഷ്യം അവതരിപ്പിക്കുന്നതാണ്. കേരളീയൻ 2023-ന്റെ ഭാഗമായി നമ്മുടെ വിവിധ കലാരൂപങ്ങളുടെ അവതരണം പൊതുജനങ്ങൾക്ക് ആസ്വദിക്കാനും കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെക്കുറിച്ച് മനസ്സിലാക്കാനുംവേണ്ടി കലാപ്രദർശനവും ഉണ്ടാകും. തിരുവനന്തപുരം നഗരത്തിൽ പൂർണ്ണമായും ഉത്സവപ്രതീതി ഉണർത്തുംവിധം കവടിയാർ മുതൽ കിഴക്കേക്കോട്ടവരെയുള്ള സ്ഥലങ്ങളിൽ മികച്ച ദീപാലങ്കാരവും പുസ്തകോത്സവം, ചലച്ചിത്രോത്സവം, പുഷ്പമേള എന്നിവയും

ഉണ്ടാകുന്നതാണ്. 'കേരളീയം 2023'-ന്റെ വിജയകരമായ നടത്തിപ്പിനായി എല്ലാവരുടെയും മികച്ച രീതിയിലുള്ള സഹായ സഹകരണങ്ങളും വിലപ്പെട്ട നിർദ്ദേശങ്ങളും ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പ്രമേയം വായിക്കാം.

**<u>സംസ്ഥാനത്തിന്റെ പേര് ഭരണഘടനയിലും മറ്റ് ഔദ്യോഗിക രേഖകളിലും കേരളം എന്നാക്കി മാറ്റൽ</u>**

നമ്മുടെ സംസ്ഥാനത്തിന്റെ നാമധേയം മലയാള ഭാഷയിൽ കേരളം എന്നാണ്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപവൽക്കരിക്കപ്പെട്ടത് 1956 നവംബർ 1-നാണ്. കേരളപ്പിറവി ദിനവും നവംബർ 1-നാണ്. മലയാള ഭാഷ സംസാരിക്കുന്ന ജനവിഭാഗങ്ങൾക്കായി ഐക്യകേരളം രൂപപ്പെടണമെന്നത് ദേശീയ സ്വാതന്ത്ര്യസമര കാലം മുതൽ ശക്തിയായി ഉയർന്നുവന്നിരുന്ന ആവശ്യമാണ്. എന്നാൽ ഭരണഘടനയുടെ ഒന്നാം പട്ടികയിൽ നമ്മുടെ സംസ്ഥാനത്തിന്റെ പേര് കേരള എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് കേരളം എന്നാക്കി ഭേദഗതിപ്പെടുത്തുന്നതിനുവേണ്ട അടിയന്തര നടപടികൾ ഭരണഘടനയുടെ അനുച്ഛേദം 3 പ്രകാരം കൈക്കൊള്ളണമെന്നും ഭരണഘടനയുടെ എട്ടാം പട്ടികയിൽ പറയുന്ന എല്ലാ ഭാഷകളിലും നമ്മുടെ നാട് 'കേരളം' എന്ന

പേരിൽ മാറ്റണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.